# നിസാബെ തഅ്‌ലീം

## ഭാഗം ഒന്ന്



തയ്യാറാക്കിയത്

**മുഹമ്മദ് നജീബ് ഖാൻ**

**Nisab - e - Ta'leem (Malayalam)**
നിസാബെ തഅ്ലീം ഒന്നാം ഭാഗം

Prepared by
Muhammad Najeeb Khan

Assisted by
Muhammed Safvan

Typeset
M.G.E.F Alappuzha

Layout
Ziyad Rahman

Cover Design
Naushad Palluruthi

Printed at
Anaswara Offest, Ernakulam

Published by
Islam International Publication Kannur, Kerala

Sponserd by
**Majlis Ansarullah Kerala**

First Edition: August 2007
Copies 1000
Price : 30

# വിഷയ വിവരം


ആമുഖം

അദ്ധ്യാപകർക്ക് വേണ്ടിയുള്ള നിർദ്ദേശങ്ങൾ

7 വരുവിൻ കൂട്ടുകാരേ

8 ഏകനായ നമ്മുടെ അല്ലാഹു

9 കാരുണ്യവാനായ അല്ലാഹു

11 നല്ല ശീലങ്ങൾ

ശുചിത്വം, ജീവിത മര്യാദകൾ

18 മുഹമ്മദു നബി (സ)

ഇമാം മഹ്ദി (അ)

20 ഹദീസ് പഠനം

21 ഈമാൻ കാര്യങ്ങൾ

22 ഇസ്ലാം കാര്യങ്ങൾ

23 നമ്മുടെ ഖലീഫമാർ

26 പ്രാർത്ഥനകൾ

29 ഖുർആൻ പഠനം

31 പദ്യം

أَعُوذُ بِاللهِ مِنَ الشَّيْطَانِ الرَّجِيمْ

بِسْمِ اللهِ الرَّحْمَانِ الرَّحِيمْ

## ആമുഖം

ആത്മീയവും ഭൗതീകവുമായ വിജ്ഞാനം സമ്പാദിക്കുക എന്നത് ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം അനിവാര്യമായ സംഗതിയാണ്. എന്നാൽ കേവലം അറിവ് നേടുക എന്നതു മാത്രമല്ല വിദ്യാഭ്യാസം കൊണ്ട് വിവക്ഷിതമാക്കുന്നത്. ജീവിതത്തെ പ്രായോഗികമായി സമീപിക്കുന്ന, മനുഷ്യ മനസ്സുകൾക്ക് ആത്മീയവും ഭൗതീകവുമായി ഉൾക്കരുത്ത് നൽകുന്ന ഒരു സമഗ്ര ജീവിത ദർശനം പഠിതാവിന് നൽകുമ്പോഴാണ് വിദ്യാഭ്യാസ പ്രക്രിയ ഫലവത്തായി തീരുന്നത്. ഇസ്ലാം മുന്നോട്ടുവെക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതും ഈ ഒരു കാഴ്ചപ്പാടാണ്. കേരളത്തിലെ വിദ്യാർത്ഥികൾക്ക് തങ്ങളുടെ മതപഠനത്തിന് അനുയോജ്യമായ പാഠ പുസ്തകങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് മജ്ലിസ് അൻസാറുല്ലാ കേരള, വഖ്ഫെ നൗ സിലബസിനെ ആധാരമാക്കിക്കൊണ്ട് ഈ പുസ്തകങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.അഞ്ചു മുതൽ പതിനഞ്ചുവയസ്സുവരെയുള്ള കുട്ടികൾക്ക് ചിട്ടയായും ക്രമമായുമുള്ള ഒരു ഏകീകൃത മതപഠനം ഇതു മുഖേന കരസ്ഥമാകുന്നതാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ യസ്സർനൽ ഖുർആൻ ഉൾപ്പെടെ അതിലെ ആദ്യത്തെ നാലുഭാഗങ്ങൾ ഇപ്പോൾ പ്രസിദ്ധപ്പെടുത്തുവാൻ കഴിഞ്ഞിരിക്കുകയാണ്. അൽഹംദുലില്ലാഹ്. ഈ പാഠ്യപദ്ധതി ഭംഗിയായി തയ്യാറാക്കിത്തന്നത് മുബല്ലിഗ് മുഹമ്മദ് നജീബ് ഖാൻ സാഹിബാണ് . അല്ലാഹു അദ്ദേഹത്തിന് തക്കതായ പ്രതിഫലം നൽകുമാറാകട്ടെ. ഈ സംരംഭത്തിന് വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകുകയും പുസ്തകത്തിന്റെ പ്രസിദ്ധീകരണവും, വിതരണവും ഏറ്റെടുക്കുകയും ചെയ്തുകൊണ്ട് ഞങ്ങളോട് സഹകരിച്ച ഇസ്ലാം ഇന്റർനാഷണൽ പബ്ളിക്കേഷന്റെ കേരള ഘടകം ചെയർമാൻ പ്രൊഫസർ മഹ്മൂദ് അഹ്മദ് സാഹിബിനോടും സഹപ്രവർത്തക

രോടുമുള്ള കൃതജ്ഞത പ്രത്യേകം രേഖപ്പെടുത്തുന്നു. അതുപോലെ ഈ സംരംഭത്തിന് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ നോർത്ത് ഇലാഖാ ഖാഇദ് ഡോ. സലാഹുദ്ദീൻ സാഹിബും സൗത്ത് ഇലാഖാ ഖാഇദ് ടി. കെ. അബൂബക്കർ സാഹിബും നൽകിയ സഹായ സഹകരണങ്ങൾ ഈ അവസരത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു. ഈപുസ്തകങ്ങളുടെ റിവ്യൂചെയ്തു തന്ന മൗലവി ഇസ്മായിൽ സാഹിബിനെയും, ഈ പദ്ധതിയോട് എല്ലാരീതിയിലും സഹകരിച്ച എല്ലാ അഭ്യുദയ കാംക്ഷികളെയും കൃതജ്ഞതയോടെ സ്മരിക്കുന്നു. ഇവർക്കെല്ലാം അല്ലാഹു തക്കതായ പ്രതിഫലം നൽകുമാറാകട്ടെ.

ഇസ്‌ലാം – അഹ്മദിയ്യത്തിന്റെ ഭാവി, വളർന്നുവരുന്ന തലമുറയിൽ സുഭദ്രമായിരിക്കാൻ വേണ്ടി, അവർക്ക് ശരിയായ മതവിജ്ഞാനം നൽകേണ്ടത് മുതിർന്നവരുടെ ബാധ്യതയാണ്. അതിനുള്ള വിനീതമായ ഒരു പ്രഥമ ശ്രമമാണ് ഈ സംരംഭം. ഇതിലുള്ള കുറവുകളേയും പോരായ്മകളേയും അതുപോലെ ഇതിനെ കുറിച്ചുള്ള നിങ്ങളുടെ വിലപ്പെട്ട അഭിപ്രായങ്ങളും ഞങ്ങളെ എഴുതി അറിയിക്കണമെന്ന് വിനീതമായി അപേക്ഷിക്കുകയാണ്. കൂടാതെ ഈ പാഠ്യപദ്ധതി വിജയപ്രദമായിത്തീരാൻ എല്ലാവരുടേയും ദുആയും സഹായ സഹകരണങ്ങളും അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

ജിജ്ഞാസുക്കളായ അഹ്മദി വിദ്യാർത്ഥി സമൂഹത്തിനു മുമ്പാകെ ഈ പാഠ പുസ്തകം ഞങ്ങൾ സാദരം സമർപ്പിക്കുന്നു.

കണ്ണൂർ
19.08.2007

**പി. പി. നാസിറുദ്ദീൻ**
നാസിം, മജ്‌ലിസ് അൻസാറുല്ലാ
സുബായി, കേരള

## അദ്ധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ

അഞ്ച് വയസ്സു മുതൽ ആറ് വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കു വേണ്ടി തയ്യാറാക്കിയിട്ടുള്ള പാഠപുസ്തകമാണിത്. വഴ്ഫെ നൗ കുട്ടികൾ അഞ്ച് വയസ്സിനുള്ളിൽ പഠിച്ചിരിക്കേണ്ട കാര്യങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇളം മനസ്സുകളിൽ നല്ല ശീലങ്ങൾ വളർത്തിയെടുക്കുക, പെരുമാറ്റ മര്യാദകൾ പരിചയപ്പെടുത്തുക, വിശ്വാസകാര്യങ്ങൾ ലളിതമായി ഗ്രഹിപ്പിക്കുക തുടങ്ങിയവയാണ് ഈ പുസ്തകം കൊണ്ട് ലക്ഷ്യമാക്കുന്നത്. മതപഠനം രസകരമാക്കുക എന്ന ഉദ്ദേശ്യത്തോടെ ലളിതഭാഷയിൽ ചിത്രങ്ങളുടെ സഹായത്തോടെയാണ് ഓരോ പാഠഭാഗവും തയ്യാറാക്കിയിട്ടുള്ളത്.

വിശദീകരണം ആവശ്യമുള്ള സന്ദർഭങ്ങളിൽ കഥകളുടെയും മറ്റും സഹായത്തോടെ കാര്യങ്ങൾ എളുപ്പത്തിൽ ഗ്രഹിക്കാൻ കുട്ടികളെ സഹായിക്കേണ്ടതാണ്. ഓരോ പാഠത്തിനു ശേഷം കൊടുത്തിട്ടുള്ള പ്രവർത്തനങ്ങൾ കുട്ടികളെ കൊണ്ട് ചെയ്യിക്കേണ്ടതാണ്. പഠന പുരോഗതി അറിയുന്നതിനുവേണ്ടി മാസത്തിലൊരിക്കൽ പരീക്ഷ നടത്താവുന്നതാണ്. വാർഷിക പരീക്ഷ ഉണ്ടായിരിക്കുന്നതാണ്.

പാഠം ഒന്ന്

# വരുവിൻ കൂട്ടുകാരേ

വരുവിൻ വരുവിൻ കൂട്ടുകാരേ,
അറിവിൻ പാഠങ്ങൾ പഠിച്ചീടാം
തൗഹീദിൻ നാദമുയർത്തി
മുഹമ്മദു നബിയുടെ സന്ദേശം
അഹ്മദിയ്യത്തിൻ പാതയിലൂടെ
പാരിലെങ്ങും പരത്തീടാൻ
നമുക്കൊന്നായി പഠിച്ചീടാം
അറിവിൻ പാഠങ്ങൾ പഠിച്ചീടാം
വരുവിൻ വരുവിൻ കൂട്ടുകാരേ.



## പാഠം രണ്ട്

# ഏകനായ നമ്മുടെ അല്ലാഹു

നമ്മളെ സൃഷ്ടിച്ചത് ആരാണെന്നറിയാമോ?

അല്ലാഹുവാണ്.

അവൻ ഏകനാണ്.

അവന് പങ്കുകാർ ആരുമില്ല.

അവന് തുല്ല്യരായി ആരുമില്ല.

ഈ ലോകത്തെ സൃഷ്ടിച്ചതും ഏകനായ അല്ലാഹുവാകുന്നു.

നമ്മളെ പരിപാലിക്കുന്നതും അവൻ തന്നെയാകുന്നു.

അതുകൊണ്ട് നാം അവനെ ആരാധിക്കേണ്ടതാണ്.

നാം എപ്പോഴും അവനെ മാത്രം കീഴ്പ്പെട്ട് ജീവിക്കണം.

അവനെ മാത്രം അനുസരിക്കണം.

---

### അഭ്യാസം (ഓറൽ)

പൂരിപ്പിക്കുക

1. .................................. ണ് നമ്മളെ സൃഷ്ടിച്ചത്.
2. .................................. നെ അനുസരിക്കണം.
3. അല്ലാഹുവിന് തുല്ല്യരായി .................................. ഇല്ല.

| | |
|---|---|
| അല്ലാഹു | പരിപാലകൻ<br>ഏകൻ<br>സ്രഷ്ടാവ്<br>ആരാധ്യൻ |

പാഠം മൂന്ന്

# കാരുണ്യവാനായ അല്ലാഹു

നമുക്ക് കാണാൻ കണ്ണും, കേൾക്കാൻ കാതും, ശ്വസിക്കാൻ മൂക്കും, പ്രവർത്തിക്കാൻ കൈകളും, നടക്കാൻ കാലുകളും നല്കിയത് അല്ലാഹുവാണ്.

ചിന്തിക്കാൻ ബുദ്ധിയും അവനാണ് തന്നത്. ശ്വസിക്കാൻ വായുവും, വിശക്കുമ്പോൾ കഴിക്കാനായി ഭക്ഷണവും, ദാഹിക്കുമ്പോൾ കുടിക്കാനായി വെള്ളവും അവൻ തന്നെയാണ് നമുക്ക് നല്കിയത്.

സൂര്യനെയും, ചന്ദ്രനെയും ഉണ്ടാക്കിയത് അവനാണ്. രാത്രിയിൽ ആകാശത്ത് മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളെയും ഉണ്ടാക്കിയത് അല്ലാഹുവാണ്.

മഴയും, വെയിലും, രാവും, പകലും എല്ലാം അല്ലാഹു ഉണ്ടാക്കി ത്തന്നത് നമ്മുടെ ഗുണത്തിനുവേണ്ടിയാണ്.

ഇതെല്ലാം നമുക്ക് അല്ലാഹു ചെയ്തുതന്ന ഔദാര്യങ്ങളാണ്. ഇതിന് പ്രതിഫലമായി അവൻ നമ്മളിൽനിന്ന് ഒന്നും ഇച്ഛിക്കുന്നില്ല. മറിച്ച് നമുക്ക് ചെയ്തുതന്ന ഈ ഔദാര്യങ്ങൾക്ക് നാം അവനോട് എപ്പോഴും നന്ദി രേഖപ്പെടുത്തിക്കൊണ്ടിരിക്കണം. എന്നാൽ, അവൻ നമ്മുടെമേൽ വീണ്ടും വീണ്ടും ഔദാര്യവും കാരുണ്യവും ചൊരിയുന്നതാണ്

**അല്ലാഹു കാരുണ്യവാനാകുന്നു**

# പ്രവർത്തനങ്ങൾ

**പൂരിപ്പിക്കുക**

1. സൂര്യനെയും .......................................... ഉണ്ടാക്കിയത് അല്ലാഹുവാണ്.

2. ആകാശത്തിൽ നക്ഷത്രങ്ങൾ .......................യിൽ മിന്നിത്തിളങ്ങുന്നു.

(രാത്രി / പകൽ)

3. മഴയും വെയിലും ഉണ്ടാക്കിയത് നമ്മുടെ ..........................................നു വേണ്ടിയാണ്.

**ചോദ്യം**

1. നമുക്കു അല്ലാഹു ചെയ്തു തന്ന ഔദാര്യങ്ങൾക്കുവേണ്ടി നാം എന്താണ് ചെയ്യേണ്ടത് ?

..............................................................................................................

..............................................................................................................

..............................................................................................................

**ചേർത്തു വായിക്കുക**

| | | |
|---|---|---|
| കൈകൾ | - | കാണുക |
| ചെവി | - | പ്രവർത്തിക്കുക |
| കാലുകൾ | - | ശ്വസിക്കുക |
| ബുദ്ധി | - | കേൾക്കുക |
| മൂക്ക് | - | ചിന്തിക്കുക |
| കണ്ണ് | - | നടക്കുക |

## പാഠം നാല് — നല്ല ശീലങ്ങൾ

### ശുചിത്വം

ആസിഫ് അന്ന് സ്കൂളിൽനിന്ന് വളരെ വൈകിയാണ് വീട്ടിൽ എത്തിയത്. കളി കഴിഞ്ഞ് വളരെ ക്ഷീണിച്ചിരുന്നു അവൻ. വന്ന് ഉടനെ തന്നെ അവൻ കൈകഴുകാതെ, വസ്ത്രം മാറ്റാതെ, കുളിച്ചു വൃത്തിയാകാതെ ഭക്ഷണം കഴിക്കാനിരുന്നു. കാരണം അവന് നല്ല വിശപ്പുണ്ടായിരുന്നു. പക്ഷേ, അവന്റെ മാതാവ് അവനെ വളരെ സ്നേഹത്തോടെ അടുത്തിരുത്തി വൃത്തിയെക്കുറിച്ച് പറഞ്ഞു കൊടുത്തു.

ആസിഫെ, നാം പുറത്തു പോയി തിരിച്ചു വന്നാൽ ആദ്യം വസ്ത്രം മാറ്റി, കുളിച്ചു വൃത്തിയാകണം.

കാരണം, കളി കഴിഞ്ഞ് വരുന്നതുകൊണ്ട് നമ്മുടെ ശരീരത്തിലും വസ്ത്രത്തിലും അഴുക്കുണ്ടാകും. അതിൽ പലതരത്തിലുള്ള രോഗാണുക്കളുമുണ്ടാകും. ആ രോഗാണുക്കൾ നമ്മുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്. മാതാവ് അവന് വിശദീകരിച്ചു കൊടുത്തു.

അതുപോലെ, ഇസ്‌ലാം ശുചിത്വത്തിന് അതിയായ പ്രാധാന്യം നല്കിയിട്ടുണ്ട്. വൃത്തിയും വെടിപ്പും ഉള്ളവരെയാണ് അല്ലാഹു ഇഷ്ടപ്പെടുന്നത്. ഉറക്കത്തിൽനിന്നും എഴുന്നേറ്റാൽ ആദ്യം കൈ രണ്ടും കഴുകണം. അതിനുശേഷം പല്ലുതേച്ച് വായ മുഴുവനും വൃത്തിയാക്കുക. രാത്രി ഉറങ്ങാൻ പോകുമ്പോഴും വായും മുഖവും വൃത്തിയാക്കേണ്ടതാണ്. അതുപോലെ പള്ളിയിൽ നമസ്കരിക്കാൻ പോകുമ്പോഴും മദ്രസ്സയിൽ പോകുമ്പോഴും സ്കൂളിൽ പഠിക്കാൻ പോകുമ്പോഴും വൃത്തിയുള്ള വസ്ത്രം ധരിക്കണം. നമ്മുടെ വീടും അതിന്റെ പരിസരവും എപ്പോഴും മാലിന്യ മുക്തമാക്കി വെയ്ക്കേണ്ടത് നമ്മുടെ കടമയാകുന്നു. മാലിന്യമുള്ളിടത്ത് രോഗാണുക്കൾ ഉണ്ടാകുന്നു. അത് രോഗത്തിന് കാരണമാകും.

ഇതിനു ശേഷം ആസിഫ് തന്റെ മാതാവിന്റെ ഉപദേശമനുസരിച്ച് പ്രവർത്തിച്ചു കൊണ്ടിരുന്നു.

# വൃത്തി ഈമാന്റെ ഭാഗമാകുന്നു

**ശുചിത്വം ശീലമാക്കുക**





ആഹാരം കഴിക്കുന്നതിന്
മുമ്പും ശേഷവും കൈ കഴുകുക



1. രാവിലെയും വൈകിട്ടും
പല്ല് തേക്കുക



2. ദിവസവും കുളിക്കുക



3. ആഴ്ചയിൽ നഖം മുറിക്കുക



4. മുടി ചീകുക





5. നഖം കടിക്കാതിരിക്കുക



6. വൃത്തിയുള്ള വസ്ത്രം ധരിക്കുക

മുകളിൽ കൊടുത്തിട്ടുള്ള ചിത്രങ്ങളിൽ അടങ്ങിയിരിക്കുന്ന നിർദ്ദേശങ്ങളെല്ലാം കുട്ടിക്ക് പറഞ്ഞുകൊടുക്കുക.

# ജീവിത മര്യാദകൾ

എല്ലാ നല്ല പ്രവൃത്തിയും ആരംഭിക്കേണ്ടത് വലതുഭാഗത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടായിരിക്കണം. നമ്മുടെ നബി (സ) യുടെ ജീവിത ചര്യയും ഇതായിരുന്നു. ഭക്ഷണം കഴിക്കുക, വസ്ത്രം ധരിക്കുക, തുടങ്ങിയ എല്ലാ നല്ല പ്രവൃത്തികളും നബി (സ) ആരംഭിച്ചിരുന്നത് വലതു കൈ കൊണ്ടായിരുന്നു. കൂടാതെ ഏതു കർമ്മം തുടങ്ങുമ്പോഴും ആദ്യം أَعُوذُ بِاللهِ مِنَ الشَّيْطَانِ الرَّجِيمِ എന്നും അതിനു ശേഷം بِسْمِ اللهِ الرَّحْمَانِ الرَّحِيمِ എന്നും ചൊല്ലേണ്ടതാണ്. അല്ലാഹുവിന്റെ നാമത്തോടെ ആയിരിക്കണം എല്ലാ ജോലികളും നാം നിർവ്വഹിക്കേണ്ടത്. അങ്ങനെ നിർവ്വഹിച്ചാൽ ആ പ്രവൃത്തിയിൽ അല്ലാഹുവിന്റെ അനുഗ്രഹം ഉണ്ടാകുന്നതാണ്.

**എന്നാൽ, മലമൂത്ര വിസർജ്ജനത്തിനുശേഷം വൃത്തിയാക്കുന്നതും മൂക്ക് ചീറ്റുന്നതും ഇടതുകൈകൊണ്ടായിരിക്കണം.**



ആഹാരം കഴിക്കുന്നതിന് മുമ്പേ ഇപ്രകാരം ദുആ ചെയ്യുക

بِسْمِ اللهِ وَ عَلَي بَرَكَتِ اللهِ

(ബിസ്മില്ലാഹി വ അലാ ബർക്കത്തില്ലാഹി)

**അർത്ഥം:**
അല്ലാഹുവിന്റെ നാമത്തിലും അവന്റെ അനുഗ്രഹത്തോടും കൂടി (ഞാൻ) ആരംഭിക്കുന്നു

ആഹാരം കഴിച്ചതിനുശേഷം
ഇപ്രകാരം ദുആ ചെയ്യുക



اَلْحَمْدُ لِلّٰهِ الَّذِي اَطْعَمَنَا
وَ سَقَانَا وَ جَعَلَنَا مِنَ الْمُسْلِمِيْنْ

(അൽഹംദുലില്ലാഹില്ലദീ അത്ഇമനാ വ
സഖാനാ വ ജഅലനാ മിനൽ മുസ്ലിമീൻ

**അർത്ഥം**

നമുക്ക് ഭക്ഷണവും വെള്ളവും നല്കുകയും നമ്മളെ മുസ്ലിമാക്കുകയും ചെയ്ത അല്ലാഹുവിന് സർവ്വ സ്തുതിയും

രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ
ഈ ദുആ ചൊല്ലേണ്ടതാണ്.



اَللّٰهُمَّ بِسْمِكَ اَمُوتُ وَ اَحْيٰا

(അല്ലാഹുമ്മ ബിസ്മിക്ക
അമൂത്തു വ അഹ്‌യാ)

**അർത്ഥം**

അല്ലാഹുവേ നിന്റെ നാമത്തിൽ ഞാൻ മരണം വരിക്കുകയും (ഉറങ്ങുകയും)
നിന്റെ നാമത്തിൽ തന്നെ ഞാൻ ജീവിക്കുകയും (ഉണരുകയും) ചെയ്യുന്നു.



ഉറങ്ങി എഴുന്നേല്ക്കുമ്പോൾ ഈ ദുആ ചൊല്ലുക.

اَلْحَمْدُ لِلّٰهِ الَّذِي أَحْيَانَا بَعْدَ مَا اَمَاتَنَا وَ اِلَيْهِ النُّشُورُ

(അൽഹംദുലില്ലാഹില്ലദീ അഹ്‌യാനാ ബഅ്ദ മാ അമാത്തനാവ ഇലൈഹിന്നുശൂറു)

അർത്ഥം

മരണത്തിന് ശേഷം (ഉറക്കത്തിന് ശേഷം) നമ്മെ ജീവിപ്പിച്ച (ഉണർത്തിയ) അല്ലാഹുവിനാകുന്നു സർവ്വ സ്തുതിയും. അവനിലേക്ക് തന്നെയാണ് മടക്കവും.

## പ്രവർത്തനങ്ങൾ

### പൂരിപ്പിക്കുക

1. അല്ലാഹു ...................................... ഉള്ളവരെ ഇഷ്ടപ്പെടുന്നു.
2. ഉറക്കത്തിൽനിന്ന് എഴുന്നേറ്റാൽ ആദ്യം .......... കഴുകണം.
3. രാത്രിയിൽ ഉറങ്ങാൻ പോകുമ്പോൾ ............., ................ കഴുകണം.
4. .................................... ഈമാന്റെ ഭാഗമാകുന്നു
5. ഭക്ഷണം കഴിക്കുന്നത് ......... കൈകൊണ്ടാണ്.
6. മൂക്ക് ചീറ്റുന്നത് .............. കൈകൊണ്ടായിരിക്കണം.

**ചോദ്യം**

1. നിത്യവും ചെയ്യേണ്ട ശുചിത്വ ശീലങ്ങൾ എടുത്തെഴുതുക.

   പല്ലു തേയ്ക്കുക

   കുളിക്കുക

   ഓടുക

   പഠിക്കുക

   കുളിക്കുക

   നഖം മുറിക്കുക

2. എല്ലാ നല്ല പ്രവൃത്തിയും നബി (സ)ആരംഭിച്ചിരുന്നത് ഏതു കൈകൊണ്ടാണ്?

3. താഴെ പറയുന്ന പ്രാർത്ഥനകൾ മനഃപാഠമാക്കി കേൾപ്പിക്കുക.

   1. ഉറങ്ങി എഴുന്നേല്ക്കുമ്പോൾ ചെയ്യേണ്ട ദുആ.
   2. രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ ചെയ്യേണ്ട ദുആ
   3. ആഹാരം കഴിച്ചതിനുശേഷം ചെയ്യേണ്ട ദുആ
   4. ആഹാരം കഴിക്കുന്നതിന് മുമ്പേ ചെയ്യേണ്ട ദുആ

4. സ്കൂളിൽനിന്ന് വരുമ്പോൾ ആദ്യം ചെയ്യേണ്ട ശുചിത്വ കാര്യങ്ങൾ എന്തെല്ലാം.

## പാഠം അഞ്ച്

# മുഹമ്മദു നബി (സ)

മുഹമ്മദു നബി (സ) അറേബ്യയിലെ മക്കയിലാണ് ജനിച്ചത്. പിതാവിന്റെ പേര്‍ അബ്ദുല്ലാഹ് എന്നും മാതാവിന്റെ പേര്‍ ആമിന എന്നുമായിരുന്നു. ചെറുപ്പത്തില്‍ത്തന്നെ മുഹമ്മദു നബി (സ) സല്‍സ്വഭാവിയായിരുന്നു. ഒരിക്കലും കള്ളം പറഞ്ഞിരുന്നില്ല. സത്യം മാത്രമേ പറഞ്ഞിരുന്നുള്ളു.

**താഴെ പറയുന്ന കാര്യങ്ങള്‍, കുട്ടി മനഃപാഠമാക്കേണ്ടതാണ്. ചോദ്യോത്തര രീതിയിലാണ് ഇത് തയ്യാര്‍ ചെയ്തിരിക്കുന്നത്.**

1. നമ്മുടെ നബി (സ) യുടെ പേരെന്ത്?

   **മുഹമ്മദു നബി (സ)**

2. മുഹമ്മദു നബി (സ) യുടെ പിതാവിന്റെ പേരെന്ത്?

   **ഹദ്റത്ത് അബ്ദുല്ലാഹ്**

3. മുഹമ്മദു നബി (സ) യുടെ മാതാവിന്റെ പേരെന്ത്?

   **ഹദ്റത്ത് ആമിന**

4. നമ്മുടെ മുഹമ്മദു നബി(സ) എവിടെയാണ് ജനിച്ചത് ?

   **അറേബ്യയിലെ മക്കയില്‍**

## പ്രവര്‍ത്തനങ്ങള്‍

**ചോദ്യം**

1. നബി(സ) ജനിച്ചത് എവിടെയായിരുന്നു ?


2 നബി (സ) യുടെ പിതാവിന്റെ പേരെന്താണ്?

**പൂരിപ്പിക്കുക**

1. നബി (സ) ഒരിക്കലും ........... പറഞ്ഞിരുന്നില്ല.

കള്ളം / സത്യം

നബി(സ)യെ സംബന്ധച്ച് മേൽപറഞ്ഞകാര്യങ്ങൾ പഠിച്ചുകഴിഞ്ഞാൽ പിന്നെ ഇമാം മഹ്ദി(അ)യെപ്പറ്റി താഴെപറയുന്ന കാര്യങ്ങൾ പഠിപ്പിക്കുക


ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

## ഇമാം മഹ്ദി (അ)

1. ഇമാം മഹ്ദി (അ) ന്റെ പേരെന്ത്?

   ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

2. ഇമാം മഹ്ദി (അ) ന്റെ പിതാവിന്റെ പേരെന്ത്?

   ഹദ്റത്ത് മിർസാ ഗുലാം മുർത്തള്ബാ സാഹിബ്

3. ഇമാം മഹ്ദി (അ) ന്റെ മാതാവിന്റെ പേരെന്ത്?

   ഹദ്റത്ത് ചിരാഗ്ബീബിസാഹിബ

4. ഇമാം മഹ്ദി (അ)  ജനിച്ചതെവിടെയാണ് ?

   പഞ്ചാബിലെ ഖാദിയാൻ

## പ്രവർത്തനങ്ങൾ

**ചോദ്യം**

1. ഇമാം മഹ്ദി (അ) ജനിച്ചതെവിടെ?

   .........................................

2. ഖാദിയാൻ ഏതു സംസ്ഥാനത്തിലാണ് സ്ഥിതി ചെയ്യുന്നത്.?

   .........................................

3. ഇമാം മഹ്ദിയുടെ പിതാവിന്റെ പേരെന്ത്?

   .........................................

## പാഠം ആറ് ഹദീസ് പഠനം

**നിർദ്ദേശങ്ങൾ**

താഴെ കൊടുത്തിരിക്കുന്ന ഹദീസുകൾ, കുട്ടി മനഃപാഠമാക്കേണ്ടതാണ്. ഇവ മുഹമ്മദു നബി(സ)നമുക്ക് പറഞ്ഞുതന്ന ഉപദേശങ്ങളാണെന്നും അത് അനുസരിച്ച് പ്രവർത്തിക്കൽ നിർബന്ധമാണെന്നും വിശദീകരിച്ച് കുട്ടിക്ക് പറഞ്ഞുകൊടുക്കണം. കുട്ടിക്ക് വിഷമവും ഭാരവും തോന്നാത്ത വിധത്തിൽ ഓരോ ഹദീസിനെക്കുറിച്ചും സ്വന്തം രീതിയിൽ ലളിതമായി വിവരിച്ചുകൊടുക്കേണ്ടതാണ്.

| | |
|---|---|
| 1. നിന്റെ നാവിനെ കാത്ത് സൂക്ഷിക്കുക | اِحْفَظْ لِسَانَكَ |
| 2. ഏറ്റവും നല്ല കരുതൽ വിഭവം തഖ്‌വ യാകുന്നു. | خَيْرُ الزَّادِ التَّقْوَىٰ |
| 3. യഥാർത്ഥ സമൃദ്ധി ഹൃദയത്തിന്റെ സമൃദ്ധിയാകുന്നു. | اَلْغِنىٰ غِنَى النَّفْسِ |
| 4. എല്ലാ കർമ്മങ്ങളും ഉദ്ദേശ്യത്തിലധിഷ്ഠിതമാകുന്നു. | اِنَّمَا الْاَعْمَالُ بِالنِّيَّاتِ |
| 5. മുടിയുടെ കാര്യത്തിൽ മാന്യത പുലർത്തുക. (മുടി ചീകി ഒതുക്കി വെക്കുക) | اَكْرِمِ الشَّعْرَ |

**ഹദീസുകൾ മനഃപാഠം ചൊല്ലിക്കേൾപ്പിക്കുക**

പാഠം ഏഴ്

# ഈമാൻകാര്യങ്ങൾ
# اَلْإِيمَانُ

**ഈമാൻകാര്യങ്ങൾ ആറാകുന്നു**

1. അല്ലാഹുവിൽ വിശ്വസിക്കുക
2. അല്ലാഹുവിന്റെ മലക്കുകളിൽ വിശ്വസിക്കുക.
3. അല്ലാഹുവിന്റെ ഗ്രന്ഥങ്ങളിൽ വിശ്വസിക്കുക
4. അല്ലാഹുവിന്റ നബിമാരിൽ വിശ്വസിക്കുക
5. അന്ത്യദിനത്തിൽ വിശ്വസിക്കുക
6. നൻമ തിൻമകൾ അല്ലാഹുവിൽ നിന്നുള്ളതാണെന്ന് വിശ്വസിക്കുക.

**അടിവരയിട്ട പദങ്ങൾ വിശദീകരിച്ച് കൊടുക്കേണ്ടതാണ്**

## പ്രവർത്തനങ്ങൾ

**ചോദ്യം**

1. ഈമാൻ കാര്യങ്ങൾ എത്ര ?
2. ഈമാൻ കാര്യങ്ങളിൽ ഒന്നാമത്തേത് എന്ത്?

**പൂരിപ്പിക്കുക**

1. നബിമാരിലുള്ള വിശ്വാസം ................................ ൽ പെട്ടതാകുന്നു.

## പാഠം എട്ട്

# ഇസ്‌ലാം കാര്യങ്ങൾ
# اَلاِسْلَامُ

**ഇസ്‌ലാം കാര്യങ്ങൾ അഞ്ചാകുന്നു.**

1. ശഹാദത്തുകലിമ
2. നമസ്കാരം
3. നോമ്പ്
4. സക്കാത്ത്
5. ഹജ്ജ്




## പ്രവർത്തനങ്ങൾ

**ചോദ്യം**

1. ഇസ്‌ലാം കാര്യങ്ങൾ എത്ര ?

**പൂരിപ്പിക്കുക**

2. സക്കാത്ത് ...............................................ൽ പെട്ടതാണ് ?

3. ഇസ്‌ലാം കാര്യങ്ങളിൽ രണ്ടാമത്തേത് ..................................... ആകുന്നു.

# പാഠം ഒൻപത് — നമ്മുടെ ഖലീഫമാർ

മുഹമ്മദു നബി(സ)യുടെ ഖലീഫമാരുടെ പേരുകൾ മനഃപാഠം പഠിപ്പിക്കുക.

## മുഹമ്മദു നബി (സ)യുടെ ഖലീഫമാർ

മുഹമ്മദു നബി(സ)ക്ക് ശേഷം എത്ര ഖലീഫമാരുണ്ടായിരുന്നു ?

നാല് ഖലീഫമാർ

അവരുടെ പേരുകൾ പറയുക

1. ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് (റ)
2. ഹദ്റത്ത് ഉമർ (റ)
3. ഹദ്റത്ത് ഉസ്മാൻ (റ)
4. ഹദ്റത്ത് അലി (റ)


## ഇമാം മഹ്ദി (അ)ന്റെ ഖലീഫമാർ

ഇമാം മഹ്ദി (അ) ന്റെ ഇതുവരെയുള്ള ഖലീഫമാരുടെ പേരുകൾ പറയുക


1. ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് (റ)
2. ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)
3. ഹദ്റത്ത് മിർസാ നാസിർ അഹ്മദ് സാഹിബ്(റഹ്)
4. ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബ് (റഹ്)
5. ഹദ്റത്ത് മിർസാ മസ്റൂർ അഹ്മ്മദ് സാഹിബ്(അയ്യദഹുല്ലാഹു..)



ഹദ്റത്ത് മൗലാനാ
ഹക്കീം നൂറുദ്ദീൻ സാഹിബ് (റ)




ഹദ്റത്ത് മിർസാ ബശീറുദ്ദീൻ
മഹ്മൂദ് അഹ്മദ്(റ)



ഹദ്റത്ത് മിർസാ നാസിർ
അഹ്മദ് സാഹിബ്(റഹ്)



ഹദ്റത്ത് മിർസാ ത്വാഹിർ
അഹ്മദ് സാഹിബ് (റഹ്)



ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
സാഹിബ്(അയ്യദഹുല്ലാഹു..)

കുട്ടികൾ അക്ഷര സ്ഫുടതയോടെ പേരുകൾ ഏറ്റുപറഞ്ഞ് പഠിക്കേണ്ടതാണ്.

# പ്രവർത്തനങ്ങൾ

**ചോദ്യം**

1. മുഹമ്മദു നബി (സ) യ്ക്ക് ശേഷം എത്ര ഖലീഫമാർ ഉണ്ടായിരുന്നു? പേരുകൾ പറയുക

   1. ........................................................................
   2. ........................................................................
   3. ........................................................................
   4. ........................................................................

2. ഹദ്റത്ത് അലി എത്രമത്തെ ഖലീഫയായിരുന്നു?

3. ഇമാം മഹ്ദിയുടെ ഇതുവരെയുള്ള ഖലീഫമാരുടെ പേരുകൾ പറയുക.

   1. ........................................................................
   2. ........................................................................
   3. ........................................................................
   4. ........................................................................
   5. ........................................................................

പാഠം പത്ത്

# പ്രാർത്ഥനകൾ

## മാതാപിതാക്കൾക്കു വേണ്ടിയുള്ള പ്രാർത്ഥന

**നാം** കുഞ്ഞായിരുന്നപ്പോൾ നമ്മുടെ ക്ഷേമത്തിനു വേണ്ടി എന്തെല്ലാം കാര്യങ്ങളാണ് ഉമ്മയും ബാപ്പയും ചെയ്തുതന്നിട്ടുള്ളത്. നമുക്കു വേണ്ടി എന്തെല്ലാം വിഷമങ്ങളാണ് അവർ സഹിച്ചിട്ടുള്ളത്. ചെറിയ കുട്ടിയായിരുന്നപ്പോൾ, നമുക്കു ഭക്ഷണം തന്നും, നമ്മുടെ മാലിന്യങ്ങൾ വൃത്തിയാക്കിയും, കുളിപ്പിച്ചും, രോഗം വരുമ്പോൾ ശുശ്രൂഷിച്ചും അങ്ങനെ ഒരുപാട് സേവനങ്ങൾ നമുക്കു വേണ്ടി അവർ ചെയ്ത് തന്നിട്ടുണ്ട്. രാത്രിയിൽ ഉറക്കമൊഴിച്ച് എത്ര ദിവസങ്ങൾ അവർ നമ്മെ പരിചരിച്ചിട്ടുണ്ട്. ആവശ്യങ്ങൾ മനസ്സിലക്കി ബാപ്പ നമുക്ക് പല സാധനങ്ങൾ വാങ്ങിത്തന്ന് നമ്മെ കഴിവുള്ളവരാക്കി വളർത്തിയെടുക്കുവാൻ പരിശ്രമിച്ചു കൊണ്ടിരിക്കുന്നു. അവർ സ്നേഹിച്ചും പ്രയാസങ്ങൾ സഹിച്ചും നമ്മെ പോറ്റിവളർത്തുന്നത് നാം നല്ലവരായി വളരുവാൻ വേണ്ടിയാണ്. അങ്ങനെ സമൂഹത്തിനും ജമാഅത്തിനും ഗുണപ്രദമായ ആളുകളായി തീരുവാൻവേണ്ടിയാണ്. അതുകൊണ്ട് മാതാപിതാക്കളെ വളരെയധികം സ്നേഹിക്കേണ്ടതാണ്. ഒരിക്കലും അവരെ വേദനിപ്പിക്കുന്ന തരത്തിലുള്ള ഒരു പ്രവൃത്തിയും നമ്മളിൽ നിന്നും ഉണ്ടാകുവാൻ പാടില്ല. അവരെ എപ്പോഴും ബഹുമാനിക്കണം, അനുസരിക്കണം. ചെറുപ്പത്തിൽ അവർ നമ്മെ വളരെ സ്നേഹത്തോടെ പോറ്റിവളർത്തിയതു പോലെ അവർ വയസ്സാകുമ്പോൾ നമ്മളും അവരെ സ്നേഹത്തോടെ പരിചരിക്കേണ്ടതാണ്. കൂടാതെ അവർക്കു വേണ്ടി എപ്പോഴും ഇപ്രകാരം ദുആ ചെയ്തുകൊണ്ടിരിക്കണം.

رَبِّ ارْحَمْهُمَا كَمَا رَبَّيَانِى صَغِيرًا

(റബ്ബിർഹം ഹുമാ കമാ റബ്ബയാനീ സ്വഗീറാ)

| | | |
|---|---|---|
| رَبِّ<br>എന്റെ നാഥാ | ارْحَمْهُمَا<br>അവർക്ക് രണ്ടുപേർക്കും നീ കരുണ ചൊരിയേണമേ | كَمَا<br>പോലെ |
| رَبَّيَانِى<br>എന്നെ പോറ്റിവളർത്തിയ | صَغِيرًا<br>ചെറുപ്പത്തിൽ | |

എന്റെ നാഥാ, എന്നെ ചെറുപ്പത്തിൽ പോറ്റിവളർത്തിയതുപോലെ അവർക്ക് (എന്റെ മാതാപിതാക്കൾക്ക്) കരുണ ചെയ്യേണമേ.

## അറിവിനുവേണ്ടിയുള്ള ദുആ

അറിവ് നമ്മുടെ ജീവിത വിജയത്തിന് അനിവാര്യമായ ഒരു ഘടകമാകുന്നു. അറിവും വിവേകവും അതോടൊപ്പം മര്യാദയും ഇല്ലെങ്കിൽ നാം വിഡ്ഢികളായി പോകും. അറിവ് എളുപ്പത്തിൽ നേടാൻ കഴിയുന്ന ഒന്നല്ല. അതിനുവേണ്ടി നാം പരിശ്രമിക്കണം. സ്കൂളിൽ പോയി പഠിക്കണം. സ്കൂളിൽ അധ്യാപകർ പഠിപ്പിക്കുന്ന കാര്യങ്ങൾ ശ്രദ്ധയോടെ കേൾക്കണം, വീട്ടിൽ തിരിച്ചുവന്നാൽ നാം അത് ആവർത്തിച്ചു പഠിക്കണം. പഠനത്തിൽ നല്ല മാർക്ക് വാങ്ങി വിജയിക്കുന്നവരെ എല്ലാവരും ഇഷ്ടപ്പെടുന്നു, എല്ലാവരും സ്നേഹിക്കുന്നു. നമ്മൾ അഹ്മദി കുട്ടികൾ എപ്പോഴും മറ്റുള്ളവരിൽ നിന്നും വ്യത്യസ്തരായി നല്ല വണ്ണം പഠിക്കുന്നവരായിരിക്കണം. നാം അറിവുനേടാൻ പഠിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്നതോടൊപ്പം നമുക്ക് അറിവ് വർദ്ധിപ്പിച്ചു തരുവാൻ വേണ്ടി അല്ലാഹുവിനോട് കൂടുതലായി ദുആ ചെയ്യുകയും വേണം. കാരണം എല്ലാവിധ അറിവുകളുടെയും ഉറവിടം അല്ലാഹുവാകുന്നു.

## رَبِّ زِدْنِى عِلْمًا

**റബ്ബി സിദ്നീ ഇൽമാ**

| عِلْمًا | زِدْنِى | رَبِّ |
|---|---|---|
| അറിവ് | എനിക്ക് വർദ്ധിപ്പിച്ചുതരേണമേ | എന്റെ നാഥാ |

**എന്റെ നാഥാ എനിക്ക് അറിവ് വർദ്ധിപ്പിച്ച് തരേണമേ**

## പ്രവർത്തനങ്ങൾ

**ചോദ്യം**

1. മാതാപിതാക്കളോട് എങ്ങനെയാണ് പെരുമാറേണ്ടത്?
2. മാതാപിതാകൾക്കു വേണ്ടിയുള്ള ദുആ ഏത്?
3. ചെറുപ്പത്തിൽ നമ്മളെ പരിചരിച്ചത് ആരാണ്?
4. അറിവിനു വേണ്ടിയുള്ള ദുആ മനഃപാഠം ചൊല്ലുക?

**പൂരിപ്പിക്കുക**

1. നമ്മുടെ ജീവിത വിജയത്തിന് .................................. ആവശ്യമാണ്?
2. അറിവ് കിട്ടാൻ എപ്പോഴും അല്ലാഹുവിനോട് ..................... ചെയ്യണം

**അർത്ഥമെഴുതുക**

رَبِّ　　　　رَبَّيَانِى

صَغِيرًا　　　　عِلْمًا

പാഠം പതിനൊന്ന്

# ഖുർആൻ പഠനം

**താഴെ കൊടുത്തിരിക്കുന്ന മൂന്ന് സൂറത്തുകൾ മനഃപ്പാഠമാക്കേണ്ടതാണ്.**

## 1. അൽ ഫാത്തിഹ

أَعُوذُ بِاللهِ مِنَ الشَّيْطَانِ الرَّجِيمِ
بِسْمِ اللهِ الرَّحْمَانِ الرَّحِيمِ
اَلْحَمْدُ لِلهِ رَبِّ الْعَالَمِينَ ۝٢ الرَّحْمَانِ الرَّحِيمِ
مَالِكِ يَوْمِ الدِّيْنِ ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ
غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّالِّيْنَ

### 2. അൽ അസ്വ്ർ

بِسْمِ اللهِ الرَّحْمَانِ الرَّحِيمِ ﴿١﴾

وَالْعَصْرِ ﴿٢﴾ اِنَّ الْاِنْسَانَ لَفِيْ خُسْرٍ ﴿٣﴾

اِلَّا الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ وَتَوَا صَوْا بِالْحَقِّ

وَتَوَا صَوْا بِا الصَّبْرِ ﴿٤﴾

### 3. അൽ കൗസർ

بِسْمِ اللهِ الرَّحْمَانِ الرَّحِيمِ ﴿١﴾

اِنَّآ اَعْطَيْنَاكَ الْكَوْثَرَ ﴿٢﴾ فَصَلِّ لِرَبِّكَ وَا نْحَرْ ﴿٣﴾

اِنَّ شَانِئَكَ هُوَ الْاَبْتَرُ ﴿٤﴾

## പ്രവർത്തനങ്ങൾ


1. സൂറത്തുകൾ മനഃപാഠം ചൊല്ലി കേൾപ്പിക്കുക

## പാഠം പന്ത്രണ്ട്                                                    പദ്യം

### പദ്യം ഒന്ന്

കഭീ നുസ്റത്ത് നഹീ മിൽത്തീ ദരേ മൗലാസെ ഗന്ദോംകോ
കഭീ സായെ നഹീ കർത്താ വോ അപ്നേ നേക്ക് ബന്ദോംകോ
വഹീ ഉസ്കേ മുഖർറബ് ഹെ ജൊ അപ്നാ ആപ് ഖോതെഹെ (ൻ)
നഹീ രാഹ് ഉസ്കീ ആലീ ബാർഗാഹ് തക് ഖുദ് പസന്ദോംകൊ
യഹീ തദ്ബീർ ഹെ പ്യാരോ കെ മാങ്കോ ഉസ്സെ ഖുർബത്ത്കോ
ഉസീകേ ഹാഥ്കോ ഡൂണ്ടോ ജലാഓ സബ് കമന്ദോംകൊ

**ഹദ്റത്ത് ഇമാം മഹ്ദി (അ)**



تعلّق باللہ


(منقول از ضمیمہ تریاق القلوب صفحہ اوّل مطبوعہ ۱۹۰۲ء)

کبھی نُصرت نہیں مِلتی درِ مولیٰ سے گندوں کو
کبھی ضائع نہیں کرتا وہ اپنے نیک بندوں کو
وُہی اُس کے مقرّب ہیں جو اپنا آپ کھوتے ہیں
نہیں راہ اُس کی عالی بارگہ تک خود پسندوں کو
یہی تدبیر ہے پیارو کہ مانگو اُس سے قُربت کو
اُسی کے ہاتھ کو ڈھونڈو جَلاؤ سب کمندوں کو

## പദ്യം രണ്ട്

ഹോ ഫസ്ൽ തേരാ യാറബ് യാകോയീ ഇബ്തിലാഹോ
റാസീഹെ ഹം ഉസീമേ ജിസ്മേ തേരീ റിസാഹോ
മിറ്ജാഊൻ മെതോ ഉസ്കീ പർവാ നഹീഹെ കുച്ഛ്ഭീ
മെരിഫനാസെ ഹാസിൽ ഗർ ദീൻകൊ ബഖാ ഹോ
സീനെമെ ജോശെ ഗൈറത്ത് ഔർ ആംഖ് മേ ഹയാഹോ
ലബ്പർ ഹൊ ദിക്ർ തേരാ ദിൽമെ തേരീ വഫാഹോ
ശൈത്വാൻ കീ ഹുകൂമത്ത് മിട്ട്ജായെ ഇസ് ജഹാൻസെ
ഹാക്കിം തമാം ദുൻയാപെ മേരാ മുസ്തഫാ (സ) ഹൊ
മഹ്മൂദ് ! ഉമ്ര് മേരീ കട്ട്ജായെ കാശ് യൂഹീ
ഹോ റൂഹ് മേരീ സജ്ദാമെ സാമ്നേ ഖുദാഹോ

**ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ)**


راضی برضائے الٰہی

ماہ اپریل سنہ ۱۹۴۴ء

ہو فضل تیرا یا رب یا کوئی ابتلا ہو — راضی ہیں ہم اسی میں جس میں تری رضا ہو
مٹ جاؤں میں تو اس کی پروا نہیں ہے کچھ بھی — میری فنا سے حاصل گر دین کو بقا ہو
سینہ میں جوشِ غیرت اور آنکھ میں حیا ہو — لب پہ ہو ذکر تیرا دل میں تری وفا ہو
شیطاں کی حکومت مٹ جائے اس جہاں سے — حاکم تمام دنیا پہ میرا مصطفٰے ہو
محمود عمر میری کٹ جائے کاش یونہی — ہو روح میری سجدہ میں سامنے خدا ہو

**രണ്ട് പദ്യങ്ങളും മനഃപാഠം ചൊല്ലി പഠിക്കുക.**